# മരണം നേട്ടംതന്നെ

"എനിക്ക് ജീവിക്കുക എന്നത് ക്രിസ്തുവും മരിക്കുക എന്നത് നേട്ടവുമാകുന്നു. ശാരീരികമായി ഇനിയും ഞാൻ ജീവിക്കുകയാണെങ്കിൽ, ഫലപ്രദമായി ജോലി ചെയ്യാൻ സാധിക്കും... എങ്കിലും എന്റെ ആഗ്രഹം, മരിച്ച് ക്രിസ്തുവിനോടുകൂടെ ആയിരിക്കാനാണ്. കാരണം, അതാണ് കൂടുതൽ ശ്രേഷ്ഠം" (ഫിലി 1:21-23).

ആമുഖം:

ക്രിസ്തീയ ജീവിതത്തിന്റെ ശ്രേഷ്ഠ മാതൃകയായ വിശുദ്ധ പൗലോസിന് മരിക്കുക ജീവിക്കുന്നതിനേക്കാൾ ശ്രേഷ്ഠവും നേട്ടവുമാണ്. എന്നാൽ, നമ്മിൽ പലരെ സംബന്ധിച്ചും അടുത്ത കാലത്തെങ്ങും സംഭവിക്കരുതാതത്തതും മറ്റൊരു മാർഗവുമില്ലാതെ വരുമ്പോൾ മനസ്സില്ലാ മനസ്സോടെ അവസാനം കീഴടങ്ങേണ്ടതുമായ ഒന്നാണ് മരണം! മരണം അടുത്തു എന്നതിന്റെ സൂചനയായ അതിമാരകരോഗം ബാധിക്കുമ്പോഴും വിജയിക്കാൻ സാധ്യതയില്ലാത്തതും സാമ്പത്തിക പരിധിക്കപ്പുറത്തുള്ളതുമായ ചികിത്സകൾക്ക് നിർബന്ധം പിടിക്കുന്നത് മരണത്തെപ്പറ്റിയുള്ള ശരിയായ അറിവില്ലാത്തതുമൂലമാണ്. മരണത്തെ, ഗോതമ്പുമണി അഴിഞ്ഞ് പുതുചെടി രൂപപ്പെടുത്തുന്നതായി യേശുവും ഭൗമികശരീരം വിതച്ച് ആത്മീയശരീരം ഉയിർപ്പിക്കുന്നതിനായി പൗലോസും വിശദീകരിക്കുന്നതിൽനിന്ന് ഐഹികജീവിതത്തേക്കാൾ മെച്ചപ്പെട്ട ജീവിതം മരണം പ്രദാനം ചെയ്യുമെന്നത് ഉറപ്പാണ്.

**<u>മരണത്തോടെ കൈവരുന്ന സൗഭാഗ്യങ്ങൾ</u>**

1. സത്കൃത്യങ്ങൾക്കും സഹനത്തിനും പ്രതിഫലം ലഭിക്കും

ഈ ലോക ജീവിതകാലം മുഴുവൻ നിർവഹിച്ച സത്കൃത്യങ്ങൾക്കും അനുഭവിക്കേണ്ടിവന്ന അനർഹമായ സഹനങ്ങൾക്കും പ്രതിസമ്മാനം ലഭിക്കുന്നത് മരണത്തോടെയാണ്. വർഷാന്ത്യ പൊതുപരീക്ഷയ്ക്ക് തുല്യമാണ് മരണം. സ്കൂൾ വർഷം മുഴുവൻ ദിവസേനയെന്നോണം പഠിക്കാൻ കഠിനാധ്വാനം ചെയ്യുന്ന വിദ്യാർഥിക്ക് വർഷാവസാനപരീക്ഷ എത്ര വലിയ പ്രതീക്ഷയാണ് നല്കുക! റാങ്കോ ഫുൾ എ പ്ലസോ ഒക്കെ ലഭിക്കുന്നത് ആ പരീക്ഷയിലൂടെയാണല്ലോ. ദൈവത്തേയും സഹജരേയും സേവിക്കാനും ശുശ്രൂഷിക്കാനും നാം നടത്തുന്ന എല്ലാ അധ്വാനങ്ങൾക്കും മരണത്തോടെ പ്രതിഫലം ലഭിക്കും.

2. പാപത്തിൽനിന്ന് നിത്യമായ മോചനം ലഭിക്കും:

"ഒരിക്കലും പാപം ചെയ്യാതെ നന്മമാത്രം ചെയ്യുന്ന ഒരു നീതിമാനും ഭൂമുഖത്തില്ല" (സഭാ. പ്രസ. 7:20). ശരീരത്തിൽ ആയിരിക്കുവോളം കാലം പാപം ഒരു സാധ്യത തന്നെയാണ്. "ഞാൻ പാപത്തിന് അടിമയായി വില്ക്കപ്പെട്ട ജഡികനാണ്... ഞാൻ ദുർഭഗനായ മനുഷ്യൻ. മരണത്തിന് അധീനമായ ഈ ശരീരത്തിൽനിന്ന് എന്നെ ആര് മോചിപ്പിക്കും" (റോമാ 7:14,24) എന്ന പൗലോസിന്റെ വിലാപത്തിൽ ശരീരത്തിലായിരിക്കുന്നിടത്തോളം മരണത്തോടെ ഈ ദുർഭഗാവസ്ഥയ്ക്ക് പൂർണ പരിഹാരമാകും എന്നതാണ് ആശ്വാസകരമായ വസ്തുത. അകാലത്തിൽ മരണമടഞ്ഞ മക്കളെപ്രതിയും ചെറുപ്പത്തിൽതന്നെ വേർപിരിഞ്ഞ പങ്കാളിയെപ്രതിയും തീരാദുഃഖത്തിൽ കഴിയുന്നവർ മരണത്തിന്റെ ഈ ശ്രേഷ്ഠഗുണം ഗ്രഹിച്ച് സമാധാനിക്കേണ്ടതല്ലേ?

3. നിത്യസൗഭാഗ്യത്തിലേക്ക് പ്രവേശിപ്പിക്കും

മനുഷ്യജീവിതത്തിന്റെ യാഥാർഥ്യം അതിന് രണ്ട് ഭാഗങ്ങളുണ്ട് എന്നതാണ്. ഈ ലോക ജീവിതവും മരണാനന്തരമുള്ള ജീവിതവും. ഐഹികജീവിതം ഹൃസ്വവും താത്ക്കാലികവും സംഘർഷപൂരിതവുമാണ്. മരണാനന്തരജീവിതമാകട്ടെ ശാശ്വതവും നിത്യാനന്ദപ്രദവുമാണ്. എന്നാൽ, പരമാനന്ദകരമായ നിത്യജീവിതത്തിലേക്ക് പ്രവേശിക്കാനുള്ള വാതിൽ മരണമാണ്.

ഈ ലോകത്തിലെ ഏറ്റവും വലിയ സന്തോഷംപോലും സ്വർഗ്ഗത്തിൽ ലഭിക്കാനിരിക്കുന്ന പരമാനന്ദത്തോട് തുലനം ചെയ്യാനാവതല്ല. സൃഷ്ടികളിൽനിന്ന് കിട്ടുന്ന ഒരാനന്ദവും സൃഷ്ടാവുമായി ലയിക്കുമ്പോഴുണ്ടാകുന്ന ആനന്ദത്തിന്റെ സമീപത്തുപോലും എത്തില്ല. ഭൗമികജീവിതത്തിൽ

*....ശേഷം 6-ാം പേജിൽ*

# ജീവരക്ഷ സ്നേഹ

നവംബർ 2018, പുസ്തകം 20, ലക്കം 10




**സ്നേഹശുശ്രൂഷാലയം ധ്യാനകേന്ദ്രം**
സൗത്ത് ചിറ്റൂർ പി. ഒ., കൊച്ചി 682 027
കേരള, ഇന്ത്യ.

ചിറ്റൂർ ധ്യാനകേന്ദ്രത്തിന്റെ ഓഫീസ് :
Ph : 91 9446040508, 0484 2432508
Email : mail@chittoordyanakendram.com
Web : www.chittoordyanakendram.com
ജീവരക്ഷ മാസികയുടെ ഓഫീസ് :
Ph : 91 9447690153

**ചീഫ് എഡിറ്റർ :**
ഫാ. ജോസ് ഉപ്പാണി

**മാനേജിംഗ് എഡിറ്റർ :**
ഫാ. ജയ്സൺ കൊളുത്തുവള്ളി

**സബ് എഡിറ്റർ :**
എസ്. വി. ദാസ്

**അഡ്മിനിസ്ട്രേറ്റർ :**
ജോസഫ് സെബാസ്റ്റ്യൻ

**എഡിറ്റോറിയൽ ബോർഡ് :**
ഫാ. വർഗീസ് ഞാളിയത്ത്
എ. പി. പൗലോസ്
കെ. ടി. പൈലി

**സർക്കുലേഷൻ :**
റവ. സി. മൃദുല CPS
ക്ലീറ്റസ് പി. ജെ.

**ഡാറ്റ പ്രോസസ്സിങ്ങ് :**
നിതിൻ കെ. ജെ.

**ലേ ഔട്ട് & ഡിസൈൻ :**
നേച്ചർ ഗ്രാഫിക്സ് &
കവനന്റ് കമ്യൂണിക്കേഷൻസ്

## താളുകളിൽ

5 **സിമിത്തേരി പറഞ്ഞത്**
ഫാ. ജോസഫ് പള്ളാട്ടിൽ

7 **നിത്യവെട്ടം**
ആലീസ് മാത്യു

9 **മയക്കം!**
ഫാ. തോമസ് പാട്ടത്തിൽചിറ സി. എം. എഫ്

12 **മരണത്തിന്റെ തണുപ്പിൽ നവംബർ**
റൂബി ചെറിയാൻ

15 **ആകുലചിന്തകളെ... വിട**
കുര്യൻ തലയോലപ്പറമ്പ്

18 **യേശുക്രിസ്തുവിന്റെ പടയാളിയാവുക**
സാബു എം. വർഗീസ്

20 **പ്രളയകാലം**
ഫാ. ജോസഫ് പാമ്പയ്ക്കൽ വി. സി.

22 **രക്ഷാകരമായിത്തീരുന്ന സഹനം**
**സഹനത്തിന് ഒരു ക്രിസ്തീയ കാഴ്ച്ചപ്പാട്**
തോമസ് പോൾ

25 **പ്രത്യാശ നഷ്ടപ്പെടുമ്പോൾ**
ജോർജ് മുരിങ്ങൂർ

27 **മണ്ണിൽനിന്ന് മണ്ണിലേക്ക്**
നിതിൻ ജോൺ

28 **സമയം പൂർത്തിയായി**
**ദൈവരാജ്യം സമീപിച്ചിരിക്കുന്നു**

# സിമിത്തേരി പറഞ്ഞത്


**സിമിത്തേരി രണ്ടുതരം ഓർമ്മകളുടെ സമ്മേളനമാണെന്ന് ഒന്ന്, ഭൂതകാലത്തിന്റെ ഓർമ്മയും രണ്ട് ഭാവികാലത്തിന്റെ ഓർമ്മയും. ഭൂതകാലത്തിന്റെ ഓർമ്മ വേദനയുടെ, വിരഹത്തിന്റെ ഓർമ്മയാണ്. ഭാവികാലത്തിന്റെ ഓർമ്മയോ സന്തോഷത്തിന്റെയും**

നവംബർ മാസം മരിച്ചവിശ്വാസികളെ ഓർക്കാനും പ്രാർഥിക്കാനും പ്രത്യേകമാംവിധം മാറ്റിവച്ചിരിക്കുന്നു. ഒരൊറ്റ ജീവിതമേയുള്ളുവെന്നും ആ ജീവിതം മരണത്തിൽ അവസാനിക്കുന്നതല്ലെന്നും മരണാനന്തരം ജീവിതം തുടരുമെന്നും ദൈവത്തിൽ വിലയം പ്രാപിക്കുവോളം മനുഷ്യൻ അസ്വസ്ഥരാണെന്നുമുള്ള ബോധ്യങ്ങളിൽ അടിയുറയ്ക്കാനുള്ള മാസമാണ്. വിശുദ്ധ കുർബാനയർപ്പണം, മരിച്ചവർക്കുവേണ്ടിയുള്ള പരിഹാരപ്രാർഥനകൾ, അവരുടെ പേരിലുള്ള ധർമ്മദാനം, ദണ്ഡവിമോചനകർമ്മങ്ങൾ, മറ്റു പ്രായശ്ചിത്ത പ്രവൃത്തികൾ എന്നിവയോടൊപ്പംതന്നെ സിമിത്തേരി സന്ദർശനവും ഈ മാസത്തിൽ വിശ്വാസികൾ നിഷ്ഠയോടെ നിർവഹിക്കാറുണ്ട്.

സിമിത്തേരി രണ്ടുതരം ഓർമ്മകളുടെ സമ്മേളനമാണെന്ന് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞുവയ്ക്കുന്നു. ഒന്ന്, ഭൂതകാലത്തിന്റെ ഓർമ്മയും രണ്ട് ഭാവികാലത്തിന്റെ ഓർമ്മയും. ഭൂതകാലത്തിന്റെ ഓർമ്മ വേദനയുടെ, വിരഹത്തിന്റെ ഓർമ്മയാണ്. ഭാവികാലത്തിന്റെ ഓർമ്മയോ സന്തോഷത്തിന്റെയും പ്രിയപ്പെട്ടവരുടെ വേർപാടിന്റെ നൊമ്പരവും പേറി സിമിത്തേരിയിൽ നില്ക്കുമ്പോൾതന്നെ ഉയിർപ്പിലും ദൈവവുമായുള്ള സംയോഗത്തിലുമാണല്ലോ ഈ വേർപാട് കാരണമായത് എന്ന സന്തോഷവും അത് പേറുന്നു. നിരാശയും പ്രത്യാശയും ഇഴമാർന്ന ഇടം. മൂകതയും ആഹ്ലാദത്തിന്റെ അലതല്ലലും കൂട്ടിമുട്ടുന്ന ഇടം. മരണവും ഉത്ഥാനവും നശ്വരതയും അനശ്വരതയും മർത്യതയും അമർത്യതയും സമരമായി സമ്മേളിക്കുന്ന ഇടം.

ഭൂതകാലത്തിന്റെ ഓർമ്മയിലാണ് നാം മരിച്ചവർക്കുവേണ്ടി പ്രാർഥിക്കുന്നത്. ഈ പ്രാർഥന ബൈബിളിലധിഷ്ഠിതമാണ്. മക്കബായക്കാരുടെ പുസ്തകത്തിൽ മരിച്ചവർക്കുവേണ്ടിയുള്ള പരിഹാര

**ഫാ. ജോസഫ് പള്ളാട്ടിൽ**



കർമ്മങ്ങളെ സാക്ഷിക്കുന്നുണ്ട്. നന്മ ചെയ്യാനുള്ള ലോകജീവിതം മരണത്തിലൂടെ കടന്നുപോയി പരമപരിശുദ്ധനായ ദൈവത്തിൽ എത്തുവോളം ശുദ്ധീകരണ പ്രക്രിയയുടെ കാഠിന്യത്തിലൂടെയും വേദനയിലൂടെയും കടന്നുപോകുന്ന സഹനസഭാംഗങ്ങളെ, ശുദ്ധീകരണാത്മാക്കളെയോർത്ത് പ്രാർഥിക്കണം. അവർക്കുവേണ്ടി ജീവകാരുണ്യ പ്രവൃത്തികൾ ചെയ്യണം.

സിമിത്തേരി പ്രതിനിധാനം ചെയ്യുന്ന ഭാവിയുടെ മഹത്വത്തിൽ പ്രത്യാശയർപ്പിക്കുമ്പോഴാണ് സന്തോഷമുള്ള ക്രിസ്ത്യാനികളായി മാറാൻ സാധിക്കുക. മരണത്തിനുപോലും തന്നെ തോല്പിക്കാനാവില്ലയെന്ന അപാരമായ ആത്മവിശ്വാസം പകരുന്ന ഇടമാണ് സിമിത്തേരി. അവിടെ ശ്മശാനമൂകതയുടെ പല്ലുകടികളേക്കാൾ മരണമെന്ന ശത്രുവിനെയും തോല്പിച്ച് നിത്യതയുടെ വിജയത്തിലേക്ക് കുതിക്കുന്ന മനുഷ്യാത്മാവിന്റെ കാഹളത്തിന്റെ സന്തോഷധ്വനി ഉയരുന്നു. വിശുദ്ധജീവിതത്തിനുടമകളായ ആത്മാക്കൾ ദൈവത്തോടൊപ്പം വിജയസഭാംഗങ്ങളായി വിരാജിക്കുന്നുവെന്ന യാഥാർഥ്യം ഈ പടയോട്ടത്തിനു പ്രത്യാശയുടെ ഉത്തേജനം നല്കുന്നു. ഭാവിയുടെ പ്രത്യാശയിൽ സിമിത്തേരിയിൽ പ്രതിധ്വനിക്കുന്നത് 1 കോറിന്തോസ് 15-ാം അധ്യായം 54-55 തിരുവചനമാണ്: “മരണമേ നിന്റെ വിജയം എവിടെ? മരണമേ നിന്റെ ദംശനം എവിടെ? കാരണം, നശ്വരമായത് അനശ്വരതയും മർത്യമായത് അമർത്യതയും പ്രാപിക്കും എന്ന ബോധ്യമാണ് മനുഷ്യാത്മാവിന്റെ ശക്തി”.

സിമിത്തേരിയിലെ ഈ രണ്ടു ഓർമ്മകൾക്കു നടുവിൽ ശവകുടീരത്തിന്റെ സമീപം പ്രാർഥനാനിമഗ്നരായി നില്ക്കുന്ന വിശ്വാസി വർത്തമാനകാലത്തിന്റെ സവിശേഷതകളുമായി സമര സഭാംഗമാകുന്നു. നന്മതിന്മകളുടെ തിരഞ്ഞെടുപ്പുകളിൽ മുറിവേല്പിക്കപ്പെട്ടും വീണ്ടും പൊരുതിയും ദൈവത്തോടും പുണ്യത്തോടും പക്ഷം ചേരാനുള്ള തീവ്രമായ ആഗ്രഹത്തിലും പരിശ്രമത്തിലും ചില സമയങ്ങളിൽ തളർച്ചയിലും സമിശ്രമായ ജീവിതം സമരത്തിന്റെ ജീവിതമാണ്. സിമിത്തേരി തരുന്ന ഓർമ്മകളിൽനിന്നുള്ള മുൻകരുതലും സിമിത്തേരി തരുന്ന ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങളുമാണ് സിമിത്തേരി സന്ദർശകന്റെ വിശുദ്ധിയിലേക്കുള്ള ഊന്നുവടി.

*3-ാം പേജിന്റെ തുടർച്ച...*

ലഭ്യമാകുന്ന ഏറ്റവും വലിയ ദൈവാനുഭവംപോലും മരണാനന്തരം ലഭിക്കുന്ന “സൗഭാഗ്യദർശന’’ത്തോട് തുലനം ചെയ്താൽ ഒന്നുമല്ല. ദൈവത്തെ നേരിട്ട് മുഖാമുഖം ദർശിക്കുന്നതിനെയാണ് “സൗഭാഗ്യദർശനം” എന്ന് പറയുക. ഇക്കാരണത്താലാണ് വിശുദ്ധ പൗലോസ് പറഞ്ഞത്, “ശാരീരികമായി ഇനിയും ഞാൻ ജീവിക്കുകയാണെങ്കിൽ, ഫലപ്രദമായി ജോലി ചെയ്യാൻ സാധിക്കും... എങ്കിലും എന്റെ ആഗ്രഹം, മരിച്ച് ക്രിസ്തുവിനോടുകൂടെ ആയിരിക്കാനാണ്” (ഫിലി 1:22,23).

4. മനുഷ്യമഹത്വം പൂർണതയിൽ വെളിപ്പെടും

ശരീരത്തിന്റെ പരിമിതിമൂലം മങ്ങിയിരിക്കുന്ന ആത്മാവിന്റെ തേജസ് മരണത്തോടെ ശോഭയാർന്ന് പ്രകാശിക്കും. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ അവർണ്ണനീയമായ മഹിമ മരണത്തോടെ വെളിപ്പെടും. “നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരുകാര്യം നാമറിയുന്നു: അവിടന്ന് പ്രത്യക്ഷനാകുമ്പോൾ നാം അവിടത്തെപ്പോലെയാകും” (1 യോഹ 3:2). “നശ്വരതയിൽ വിതയ്ക്കപ്പെടുന്നു, അനശ്വരതയിൽ ഉയിർപ്പിക്കപ്പെടുന്നു. അപമാനത്തിൽ വിതയ്ക്കപ്പെടുന്നു., മഹത്വത്തിൽ ഉയിർപ്പിക്കപ്പെടുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു, മഹത്വത്തിൽ ഉയിർപ്പിക്കപ്പെടുന്നു” (1 കൊറി 15:42-44) എന്ന ഉയിർപ്പിനെക്കുറിച്ചുള്ള പൗലോസിന്റെ പ്രസ്താവവും മരണത്തോടെ കൈവരുന്ന മനുഷ്യമഹത്വത്തിലേക്ക് വിരൽ ചൂണ്ടുന്നു.

സമാപനം:

ആകയാൽ, മരണം നഷ്ടമല്ല, നേട്ടംതന്നെ. എന്നാൽ, മരണം നേട്ടമാകണമെങ്കിൽ “നല്ല മരണം” ലഭിക്കേണ്ടിയിരിക്കുന്നു. നല്ല ജീവിതത്തിന്റെ അനിവാര്യഫലവും മകുടംചൂടലുമാണ് നല്ല മരണം (പാപത്തിൽ മരിക്കുന്നതാണ് ദുർമരണം; അപകടത്തിൽ മരിക്കുന്നതല്ല). അതിനാൽ, നല്ല ജീവിതം നയിക്കുകയാണ് “നല്ല മരണം” പ്രാപിക്കാനുള്ള ഏക വഴി.

ദിനന്തോറുമുള്ള ഓരോ ചെറിയ പ്രവൃത്തിയോ വാക്കോ ആഗ്രഹം പോലുമോ നല്ല മരണത്തിനോ ദുർമരണത്തിനോ കാരണമാകാമെന്നതിനാൽ ദൈവകല്പനകളും സുവിശേഷ സന്ദേശങ്ങളും തിരുസഭാ കല്പനകളും പാലിക്കുന്നതിൽ നിഷ്ഠയുള്ളവരാകാം. “പൂർവ്വാധികം ഭയത്തോടും വിറയലോടും കൂടെ സ്വന്തം രക്ഷയ്ക്കുവേണ്ടി അധ്വാനിച്ചുകൊണ്ട്” (ഫിലി 2:12) മരണം നേട്ടമാക്കാം.

സ്നേഹത്തോടെ

**ഉപ്പാണിയച്ചൻ**



ആലീസ് മാത്യു

# നിത്യവെട്ടം

**മ**രണത്തിനുശേഷം എന്ത്? പലരുടേയും ഉള്ളിലുള്ള ചോദ്യമാണിത് ശാസ്ത്ര ലോകത്തെ അദ്ഭുതമായിരുന്നു നോബൽ സമ്മാനജേതാവായിരുന്ന മാഡം ക്യൂറി. അവരുടെ ഭർത്താവിന്റെ അപ്രതീക്ഷിത മരണത്തിൽ അവർ മാനസികമായി തകർന്നു. വേദനയിൽനിന്നും മുക്തി നേടാൻ ഏറെക്കാലമെടുത്തു. ആ നാളുകളിൽ അവർ കണ്ടെത്തിയ ഉപാധി ഡയറി എഴുത്തായിരുന്നു. ഡയറി കുറിപ്പുകൾ മുഴുവൻ അവർ ഭർത്താവിനെഴുതിയ കത്തുകളായിരുന്നു.

ആ കത്തുകളിലൊന്നിൽ മാഡം ക്യൂറി ഇപ്രകാരം എഴുതി: "അങ്ങയുടെ ശവപ്പെട്ടി അവർ അടച്ചു. അതിനുശേഷം അങ്ങയെ കാണാൻ എനിക്ക് സാധിച്ചിട്ടില്ല. അങ്ങയെ അവർ ഭൂമിയുടെ ആഴത്തിലേക്ക് താഴ്ത്തി. പിന്നീട് ചിലർവന്ന് എന്നെ അവിടെനിന്ന് മാറ്റിക്കൊണ്ടുപോകാൻ ശ്രമിച്ചു. പക്ഷേ, ഞാൻ സമ്മതിച്ചില്ല. കാരണം, എല്ലാം അവസാനം വരെ കാണണമെന്ന് ഞാൻ ആഗ്രഹിച്ചു. അവർ അങ്ങയുടെ ശവകുടീരം മണ്ണിട്ടുമൂടി. അതിനു മുകളിലായി പുഷ്പങ്ങൾ വിരിച്ചു. എല്ലാം കഴിഞ്ഞു. പിയർ നീ മണ്ണിനടിയിൽ അവസാനത്തെ നിദ്രയിലാണ്. ഇത് എല്ലാറ്റിന്റെയും അവസാനമാണ്!"

ശാസ്ത്രത്തിന് ഇക്കാര്യത്തിൽ ഉത്തരമില്ല. ഉത്തരം വരേണ്ടത് ദൈവത്തിന്റെ ഭാഗത്തുനിന്നാണ്. അതിനുള്ള ഉത്തരം ക്രിസ്തുവിൽനിന്ന് വന്നുകഴിഞ്ഞു. മരണത്തിന്റെ അന്ധകാരത്തിലേക്ക് ദൈവപുത്രനായ യേശു പ്രകാശം കൊണ്ടുവരുന്നു. നമ്മുടെ സംശയങ്ങളുടെ മധ്യത്തിലേക്ക് വാഗ്ദാന

ആ ചോദ്യങ്ങൾക്കും അയാൾ ഉത്തരമൊന്നും പറഞ്ഞില്ല. പക്ഷേ അയാളുടെ കണ്ണുകളിൽ പ്രതീക്ഷയുടെ തിളക്കം തെളിഞ്ഞു. തിളക്കമാർന്ന ആ കണ്ണുകൾക്കൊണ്ട് അയാൾ ഈശോയെ നോക്കി. അയാൾക്കുമുന്നിൽ സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കപ്പെട്ടു.

ത്തിന്റെ സ്വരമായി അവിടന്ന് വരുന്നു. "പുനരുത്ഥാനവും ജീവനും ഞാനാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ 11:25).

മരണമെന്ന ഇരുട്ടിനെ ഭയപ്പെടുന്നവർ ഒർക്കണം അപ്പുറം നിത്യതയുടെ വെട്ടമാണെന്ന്. ഒരു ക്രിസ്ത്യാനി ജീവിതത്തെ വെള്ളംപോലെയും മരണത്തെ വീഞ്ഞുപോലെയും പാനം ചെയ്യണം. സുപ്രസിദ്ധ ആംഗലേയ സാഹിത്യകാരനായ ചെസ്റ്റർറ്റണിന്റെ വാക്കുകളാണിത്.

ഹ്രസ്വമായ എന്നുടെ ഇഹലോകജീവിതത്തിന്റെ അവസാനം സെമിത്തേരിയിൽ കുഴിമാടത്തിൽ എഴുതിവയ്ക്കും: ജനനം-മരണം. ജനനത്തിനും മരണത്തിനുമിടയ്ക്കുള്ള ആ ചെറിയ വര അതാണ് ഓരോരുത്തരുടെയും ജീവിതം. വലിയവനും ചെറിയവനും സമ്പന്നനും ദരിദ്രനും എല്ലാം ഒരേയിടത്തിൽ മറവുചെയ്യപ്പെടുന്നു. ജീവിതത്തിലെ പ്രവർത്തികളാണ് നമ്മുടെയിടം നിശ്ചയിക്കുന്നത്.

ഏറെക്കാലം ഒരു സർക്കസ് കമ്പനിയിലെ ജോക്കറായിരുന്നു അയാൾ. ഒരിക്കൽ സർക്കസിനിടയിലുണ്ടായ ഒരപകടത്തിൽപ്പെട്ട് അയാൾ മരണമടഞ്ഞു. അയാളുടെ ആത്മാവ് അതിവേഗം ദൈവസന്നിധിയിലേക്ക് യാത്രയായി. യാത്രയ്ക്കിടയിൽ അയാൾ ഒരു ആത്മപരിശോധന നടത്തി; ജീവിച്ചിരുന്ന കാലത്ത് എന്തെങ്കിലും നന്മകൾ ചെയ്യാനായോ എന്നറിയാനുള്ള ശ്രമമമായിരുന്നു അത്. പക്ഷേ, ഭയം കൂടിയിരുന്നതുകൊണ്ട് ഒന്നും ഓർത്തെടുക്കാനും മനസ്സിലാക്കാനും സാധിച്ചില്ല.

അയാൾ യേശുവിന്റെ ന്യായാസനത്തിനു മുന്നിലെത്തി. ഈശോ അയാളോടു ചോദിച്ചു 'എനിക്കു വിശന്നപ്പോൾ നിങ്ങൾ എനിക്ക് ഭക്ഷണം തന്നോ'? അയാൾ ഒന്നും മിണ്ടാതെ നിശബ്ദം തലകുനിച്ചു നിന്നു. അപ്പോഴേയ്ക്കും അടുത്ത ചോദ്യമെത്തി: 'എനിക്കു ദാഹിച്ചപ്പോൾ കുടിക്കാൻ തന്നോ'? അയാൾ മൗനത്തിൽ തന്നെ. ഈശോ ചോദ്യം തുടർന്നു: 'ഞാൻ പരദേശിയായി വന്നപ്പോൾ എന്നെ സ്വീകരിച്ചോ'? മൗനമല്ലാതെ ഒരക്ഷരംപോലും അയാളുടെ നാവിൽനിന്നുതിർന്നില്ല. 'ഞാൻ നഗ്നനായിരുന്നു; നിങ്ങളെനിക്ക് വസ്ത്രം തന്നോ? ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചോ? ഞാൻ തടവറയിലായിരുന്നു നിങ്ങൾ എന്നെവന്ന് കണ്ടോ'?

ഒരു വാക്കുപോലും ഉരിയാടാനാവാതെ തീവ്ര ദുഃഖത്തോടെ അയാൾ നിന്നു. തനിക്ക് ലഭിക്കാൻ പോകുന്ന ശിക്ഷാവിധിയോർത്ത് അയാൾ വിറച്ചു. അതു കേൾക്കാനായി അയാൾ മെല്ലെ ഈശോയുടെ മുഖത്തേക്കു നോക്കി. അയാളെ അദ്ഭുതപ്പെടുത്തികൊണ്ട് ഒരു ചെറു പുഞ്ചിരിയോടെ ഈശോ ചോദിച്ചു: ഞാൻ മാനസികമായി തകർന്നവനായിരുന്നു; അപ്പോൾ നീ എന്നെ ചിരിപ്പിച്ച് സന്തോഷിപ്പിച്ചില്ലേ! നിരാശയ്ക്കടിമപ്പെട്ടതായിരുന്നു എന്റെ ജീവിതം; ഫലിതം പറഞ്ഞ് നീ എന്റെ ജീവിതത്തിന് പ്രതീക്ഷ തന്നു.

ആ ചോദ്യങ്ങൾക്കും അയാൾ ഉത്തരമൊന്നും പറഞ്ഞില്ല. പക്ഷേ അയാളുടെ കണ്ണുകളിൽ പ്രതീക്ഷയുടെ തിളക്കം തെളിഞ്ഞു. തിളക്കമാർന്ന ആ കണ്ണുകൾക്കൊണ്ട് അയാൾ ഈശോയെ നോക്കി. അയാൾക്കുമുന്നിൽ സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കപ്പെട്ടു.

ഇതെന്തു കഥ എന്ന് നമ്മൾ ചിന്തിക്കുമായിരിക്കും. സന്തോഷചിത്തരായ മനുഷ്യർ ദൈവപ്രീതിയുള്ളവരായിരിക്കും. "എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ" (1 തെസ 5:16).. ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും സന്തോഷിക്കാനും മറ്റുള്ളവർക്ക് സന്തോഷം പകരാനുമായാൽ അത് എത്ര വലിയ കാര്യമാണ്

ജീവിതത്തിലും മരണത്തിലും വെളിച്ചമായി ഒപ്പമുള്ള കർത്താവിനെ കൂട്ടുപിടിക്കണം. അപ്പോൾ ശ്ലീഹായെപ്പോലെ നമുക്കും ധൈര്യത്തോടെ പറയാനാകും: "എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്" (ഫിലി 1:21).

## സാക്ഷ്യം

എന്റെ മകളുടെ കുട്ടിക്ക് യൂറിനിൽ ആൽബമിൻ ആയിരുന്നു. ഞാൻ ചിറ്റൂർ ധ്യാനകേന്ദ്രത്തിലെ എല്ലാ വെള്ളിയാഴ്ച്ചയുമുള്ള ഏകദിന ഉപവാസപ്രാർഥനയിൽ പങ്കെടുക്കുകയും ജീവരക്ഷ മാസിക എല്ലാ മാസവും കുഞ്ഞിനെകൊണ്ട് വിതരണം നടത്തുകയും ചെയ്തു. തത്ഫലമായി കുഞ്ഞിന്റെ അസുഖം കർത്താവ് ഭേദമാക്കിതന്നു. കൂടാതെ എനിക്ക് ഭവനനിർമാണത്തിനായി വളരെയധികം തടസ്സങ്ങളുണ്ടായിരുന്നു. അതെല്ലാം കർത്താവ് മാറ്റിതന്നു. എല്ലാ അനുഗ്രഹങ്ങൾക്കും പരിശുദ്ധ അമ്മയ്ക്കും ഈശോയ്ക്കും ഒരായിരം നന്ദി.

**ഫിലോമിന**

# മയക്കം!



ഫാ. തോമസ് പാട്ടത്തിൽചിറ സി. എം. എഫ്

**മയക്കം വിശ്വാസാധിഷ്ഠിതമാണ്. തടിക്കുരിശിൽ തല ചായ്ച്ചവനിൽ വിശ്വസിക്കുന്നവർക്ക് മാത്രമാണ് മരണം മയക്കമായി മാറുന്നത് (യോഹ. 11:43). അല്ലാത്തവർക്ക് അത് എല്ലാറ്റിന്റെയും ഒടുക്കമാണ്. വിശ്വസിക്കുമ്പോൾ നീ മരിച്ചവരിൽനിന്ന് മൂന്നാം നാൾ ഉയിർത്തവനെയാണ് ഉദ്ഘോഷിക്കുന്നത്. അവൻ വിളിക്കുമ്പോൾ മാത്രമേ നിനക്ക് മയക്കമുണരാൻ കഴിയൂ. അവന്റെ ഒരു വിളിയിൽ തീരാനുള്ളതേയുള്ളൂ നിന്റെ മയക്കം.**

മരണത്തിന് 'മയക്ക'മെന്ന് മറുപേരിട്ട ഒരു മനുഷ്യൻ! (മത്താ. 9:24; യോഹ. 11:11). ഒരു പരിധിവരെ മനുഷ്യജന്മങ്ങൾ ഓർക്കാൻപോലും ഒത്തിരി ഭയന്ന മൃതിയെന്ന യാഥാർഥ്യത്തിന് എത്ര ലളിതമായാണ് അവൻ അങ്ങനെയൊരു വിളിപ്പേരിട്ടത്! ഒരുപക്ഷേ, മൃതിതന്നെ കേട്ടാൽ ലജ്ജിച്ചുപോകുന്ന ഒരു വട്ടപ്പേര്! വത്സലപുത്രിയുടെ വേർപാടിൽ മുറവിളികൂട്ടിയ മാതാപിതാക്കളോടും അവരെ ആശ്വസിപ്പിക്കാനെത്തിയിരുന്ന അയല്ക്കാരോടുമായി അവന് പറയാനുണ്ടായിരുന്നത് അത്രമാത്രം, 'മകൾ മരിച്ചിട്ടില്ല; മയങ്ങുകയാണ്'. കേട്ടവരുടെയൊക്കെ പുരികം ചുളിഞ്ഞു! മരിച്ചവൾ മയങ്ങുകയാണെന്നോ? വിഢിത്തം! വിവരദോഷം! അല്ലാതെന്ത്? ചരമപ്പെട്ട ആരുംതന്നെ അന്നുവരെ ചലിച്ചതായി കേട്ടുകേൾവിപോലുമുണ്ടായിരുന്നില്ല! പക്ഷേ, അവനതൊന്നും കണക്കിലെടുത്തില്ല! കണക്കുകളിൽ കേമനായിരുന്ന ഒരു മരയാശാരിയുടെ മകനല്ലേ അവൻ? അവന്റെ നിഗമനങ്ങൾ നിർവ്യാജമാണ്! 'ബാലികേ, എഴുന്നേല്ക്കൂ' എന്ന മൊഴിയിണകൾ മാത്രം! മൃതയായിരുന്നവൾ മെല്ലെ മിഴികൾ തുറന്നു! എഴുന്നേറ്റി



രുന്ന് ഭക്ഷണം കഴിച്ചു! പിന്നീടങ്ങോട്ട്, നായിനിലെ നടുവഴിയിലൊരിക്കൽ ഒരു വിധവയുടെ മരിച്ചുകിടന്ന ഏകമകനെശവമഞ്ചത്തിൽനിന്ന് താഴെയിറക്കി അവൾക്ക് തിരികെ ക്കൊടുത്തപ്പോഴും(ലൂക്കാ 7:15) ബഥാനിയായിൽ ലാസറിനോട് കല്ലറയിൽനിന്ന് വെളിയിൽ വരാൻ കല്പിച്ചപ്പോഴുമൊക്കെ (യോഹ. 11:43), അവൻ പറയാതെ പറഞ്ഞതും മറ്റൊന്നല്ല. 'മരണം മയക്കമാണ്.' ഒടുവിൽ, താൻ പറഞ്ഞതും, പഠിപ്പിച്ചതുമൊക്കെ പച്ചസത്യമാണെന്ന് മനുഷ്യന് മനസ്സിലാക്കിക്കൊടുക്കാൻ കേവലം മണിക്കൂറുകൾ മാത്രം നീണ്ട മയക്കത്തിനുശേഷം തന്റെ തലയിൽ കെട്ടിയിരുന്ന തൂവാലയ്ക്കുള്ളിൽ മൃതിയെ ചുരുട്ടിവച്ചിട്ട്, കൽമൂടിയെ നിത്യജീവന്റെ നിശ്വാസത്താൽ നിസ്സാരമായി ഉരുട്ടിമാറ്റി കല്ലറയും കടന്ന്, കൈയും വീശി അവൻ നടന്നുനീങ്ങി!

മനുഷ്യജന്മത്തിന്റെ മറുപുറമാണ് മരണം. അതുകൊണ്ടുതന്നെ മരണത്തിന്റെ മണമുള്ളവരാണ് മനുഷ്യർ. പകൽപോലെ പരമാർഥമാണത്. അപകടത്തിന്റെയോ, അത്യാഹിതത്തിന്റെയോ, അസുഖത്തിന്റെയോ ഒക്കെ കള്ളവണ്ടി കയറി എന്നെങ്കിലുമൊരിക്കൽ നിന്നെത്തേടി വരാനിരിക്കുന്ന വിളിക്കപ്പെടാത്ത വിരുന്നുകാരൻ! പക്ഷേ, ആ അതിഥിയെ സ്വാഗതം ചെയ്യാനോ, സത്ക്കരിക്കാനോ നീയെന്ന ആതിഥേയൻ ഉണ്ടാവില്ല. കാരണം, അവനെത്തുന്ന മാത്രയിൽ നീ ഇല്ലാതായിത്തീരും. മരണമടഞ്ഞാൽ പിന്നെ നീയെന്ന മനുഷ്യജീവിയില്ല! കാറ്റൂതിക്കെടുത്തിയ നെയ്ത്തിരിനാളം കണക്കെ പെട്ടെന്ന് നീയില്ലാതാകുന്ന നിമിഷം! അഹങ്കരിക്കാൻ അഭ്യസിച്ച പ്രായം മുതൽ നിന്നെക്കുറിച്ച് നീ കുറിച്ചുവച്ചതും കൊട്ടിഘോഷിച്ചതുമെല്ലാം പൊടുന്നനെമാഞ്ഞുപോയി നീ ഒന്നുമല്ലാതാകുന്ന നിമിഷം! മുറുകെപ്പിടിക്കാൻ ശക്തിയാർജ്ജിച്ചപ്പോൾ തുടങ്ങി നീ വാരിക്കൂട്ടിയതൊക്കെയും ചലനശേഷിയറ്റ വിരൽപ്പഴുതുകളിലൂടെ ചോർന്നുപോയി നിനക്ക് മിച്ചമൊന്നുമില്ലാതാകുന്ന നിമിഷം! നീ ശിമയോനോ, ശലോമിയോ, ശശിയോ, ശാന്തയോ, ശിഹാബോ, ശാഹിദയോ ആരുമായിക്കോട്ടെ, ശ്വാസം നിലച്ചാൽ നീ ശവമാണ്. 'ശവമടക്കം എപ്പോഴാണെന്നേ അപ്പോൾ തുടങ്ങി ശ്വാസമുള്ളവർ ചോദിക്കൂ. കാരണം, കുഴിച്ചുമൂടാൻ മാത്രമേ പിന്നെ നിന്നെ കൊള്ളൂ. ഉറകെട്ട ഉപ്പുകട്ടപോലെ! മൃത്യുവിനെ'മയക്ക'ത്തോളം മൃദുവാക്കിയവന്റെ അനുയായിയായ നീ അതിന്റെ ചില മാനങ്ങളെ മനനവിധേയമാക്കുത് നന്നായിരിക്കും.

ഒന്നാമതായി, മയക്കം വിശ്വാസാധിഷ്ഠിതമാണ്. തടിക്കുരിശിൽ തലചായ്ച്ചവനിൽ വിശ്വസിക്കുന്നവർക്ക് മാത്രമാണ് മരണം മയക്കമായി മാറുന്നത് (യോഹ. 11:43). അല്ലാത്തവർക്ക് അത് എല്ലാറ്റിന്റെയും ഒടുക്കമാണ്. വിശ്വസിക്കുമ്പോൾ നീ മരിച്ചവരിൽനിന്ന് മൂന്നാം നാൾ ഉയിർത്തവനെയാണ് ഉദ്ഘോഷിക്കുന്നത്. അവൻ വിളിക്കുമ്പോൾ മാത്രമേ നിനക്ക് മയക്കമുണരാൻ കഴിയൂ. അവന്റെ ഒരു വിളിയിൽ തീരാനുള്ളതേയുള്ളൂ നിന്റെ മയക്കം. നിന്റെ ജീവന്റെയും മരണത്തിന്റെയും ഉയിർപ്പിന്റെയും ആധാരം വിശ്വാസം തന്നെ. കർത്താവിൽ ചരിക്കുന്നവരാണ് കർത്താവിൽ മരിക്കുന്നവർ. വിശ്വസിക്കുന്നവർക്കേ ദൈവമഹത്വം ദർശിക്കാനാവൂ (യോഹ. 11:40). ദൈവമഹത്വം എന്നാൽ അവിടത്തെ പദ്ധതികളുടെയും തിരുഹിതത്തിന്റെയും പൂർത്തീകരണത്തിന്റെ മഹത്വമാണ്. അവയിൽ ഏറ്റവും അദ്ഭുതാവഹമായത് അവിടത്തെ ഏകജാതന്റെ പുനഃരുത്ഥാനത്തിന്റെ മഹത്വമാണ്. കബറിടത്തിൽ നിന്ന് ഉയിർത്തെണീറ്റവനെ വിശ്വാസത്തിന്റെ കണ്ണുകൾ കൊണ്ട് നീ കാണുമ്പോൾ നിന്റെ ദൃഷ്ടിയെത്തേണ്ടത് മരണമയക്കത്തിനൊടുവിലുള്ള നിന്റെയും മഹിതമായ ഉത്ഥാനത്തിലേക്കാണ്. കർത്താവിന്റെ തിരുവുത്ഥാനത്തിലും, തന്നിൽ വിശ്വസിക്കുന്നവരെ അന്ത്യദിനത്തിൽ താൻ ഉയിർപ്പിക്കുമെന്നുള്ള അവന്റെ വാഗ്ദാനത്തിലുമുള്ള (യോഹ. 6:40) നിന്റെ വിശ്വാസത്തിന്റെ ദൃഢതയാണ് മൃതിയെ മയക്കത്തെപ്പോലെ പ്രണയിക്കാൻ നിനക്ക് പ്രചോദനം പ്രദാനം ചെയ്യുന്നത്. അത്തരമൊരു വിശ്വാസത്തിലാണ് മയങ്ങുമ്പോഴും മൃതിയറിയാതെ നിന്റെ ആത്മാവ് ഉണർന്നിരിക്കുന്നത്. വിശ്വാസത്തിന്റെ സാഗരസീമകളിൽ നിന്റെ ഭൗമികവാസം അസ്തമിക്കുമ്പോഴാണ് മറുവശത്ത് നിന്റെ സ്വർഗ്ഗീയവാസത്തിന്റെ സുവർണ്ണോദയം സംഭവിക്കുക!

രണ്ടാമതായി, മയക്കം പ്രത്യാശാനിർഭരമാണ്. ഉറങ്ങുന്നവർ ഉണർന്നേ മതിയാവൂ. മരണമയക്കത്തിനൊടുവിൽ നിന്റെ മിഴികൾ ചിമ്മിത്തുറക്കുന്നത് ചന്തമേറിയ ഒരു മുഖദർശനത്തിലേക്കാണ് (1 കൊറി. 13:12; 1 യോഹ. 3:2; വെളി. 1:7). ആയുസ്സിൽ കുറെയേറെ നീ കൊതിച്ചിട്ടും കാണാൻ കഴിയാതെ പോയ നിന്റെ കർത്താവിന്റെ കമനീയമായ മുഖക്കാഴ്ചയിലേക്ക്! അവിടെ നിത്യകൂടാരങ്ങളിൽ നിന്റെ മഹത്വപൂർണ്ണനായ ദൈവത്തെ മുഖാമുഖം കണ്ടുളിർക്കെകാണാനും, അവന്റെ മധുരസ്വരം മതിവരോളം കേൾക്കാനുമുള്ള മഹാഭാഗ്യം നിനക്ക് നല്കപ്പെടുകയാണ്! അതിലുപരി മറ്റെന്തു കൈവല്യമാണ് നിനക്ക് കൈവരാനുള്ളത്? ആ സൂര്യതേജസ്സിൽ നിന്റെ കണ്ണുകൾ തിളങ്ങും കവിൾത്തടങ്ങളുണങ്ങും ആത്മാവ് ആഹ്ലാദിക്കും! ജീവിതകാലത്ത് നീ ചൊല്ലിക്കൂട്ടിയ ജപങ്ങളും ഉളവാക്കിയ പശ്ചാത്താപവും ചെയ്തുതീർത്ത പ്രായശ്ചിത്തങ്ങളും സ്വന്തമാക്കിയ സഹനങ്ങളുമൊക്കെ അപ്പോൾ വർണ്ണശലഭങ്ങളെപ്പോലെ നിനക്കുചുറ്റും ചിറകുവിടർത്തി പറന്നുനടക്കും! വിശ്വാസജന്യമായ ഈയൊരു പ്രത്യാശയുടെ തലയണയിൽ തലചേർത്തുവച്ച്, സ്വർലോകത്തെപ്പറ്റിയുള്ള സ്വപ്നങ്ങളിൽ മുഴുകിയാണ് മൃതിയടഞ്ഞവരൊക്കെ മയങ്ങുന്നത്! മരിച്ചരെക്കുറിച്ച് പ്രത്യാശയില്ലാത്തവരേപ്പോലെ പ്രലപിക്കരുത് (1 തെസ. 4:13) എന്നുള്ള പൗലോസിന്റെ പ്രബോധനം ഈയൊരു വിശ്വാസത്തിന്റെ പിൻബലത്തിലാണ്. 'DEATഒ' എന്ന ആംഗലവാക്കിനെ വലിച്ചുനീട്ടിയാൽ 'Dormancy Expecting Amazingly Tented Heaven' (വിസ്മയനീയമായി കൂടാരങ്ങൾ കെട്ടിയിട്ടുള്ള സ്വർഗ്ഗത്തെ പ്രതീക്ഷിച്ചുകൊണ്ടുള്ള മയക്കം) എന്ന് വായിച്ചെടുക്കാവുന്നതും അതുകൊണ്ടുതന്നെ.

മൂന്നാമതായി, മയക്കം മറ്റൊരു ജനനമാണ്. വിശ്വാസിയായ നിന്റെ മരണം ഒരിക്കലും ഒരു ഒടുക്കമല്ല, തുടക്കമാണ്. ഇഹത്തിലെ നിന്റെ നാളുകൾ ജനനത്തിലാണ് തുടങ്ങിയതെങ്കിൽ പരത്തിലെ നിന്റെ ആത്മാവിന്റെ നിത്യത മരണത്തിലാണ് തുടങ്ങുന്നത്. അങ്ങനെയാവുമ്പോൾ മരണം വെറുമൊരു 'കിടന്നുപോകൽ' അല്ല, പിന്നെയോ, വലിയൊരു 'കടന്നുപോകൽ' ആണ്. മർത്യതയിൽ നിന്നും അമർത്യതയിലേക്കുള്ള നിന്റെ പെസഹാ! അനശ്വരതയിലേക്കുള്ള നിന്റെ അവതാരം! അംബരമുകിലുകൾക്കപ്പുറത്ത് അബ്രാഹത്തിന്റെ മടിയാണ് (ലൂക്കാ 16:23) അപ്പോൾ മുതൽ നിന്റെ ഇരിപ്പിടം! സുവിശേഷക്കഥയിലെ നിസ്വനായ ലാസറിനെപ്പോലെ സവിശേഷമായി യാതൊന്നും നിനക്ക് ഹ ജന്മത്തിൽ അവകാശപ്പെടാനില്ലെങ്കിലും പരജന്മത്തിൽ പതിന്മടങ്ങു സൗഭാഗ്യങ്ങളാണ് നിനക്കുവേണ്ടി സജ്ജമാക്കപ്പെട്ടിരിക്കുക. മയക്കം മടിയിലിരിക്കാനുള്ള ഒരുക്കമാകുന്നത് അതുകൊണ്ടാണ്. മന്നിൽ നിന്നെ മലിനപ്പെടുത്തിയവയിൽ നിന്നൊക്കെ മുക്തിനേടി, മാമ്മോദീസയിൽ നിന്നെ പൊതിഞ്ഞിരുന്ന ശുദ്ധതയുടെ ശുഭ്രവസ്ത്രങ്ങൾ ഒരുവട്ടംകൂടി അണിഞ്ഞുള്ള നിന്റെ ആത്മാവിന്റെ അനശ്വരായുസ്സ് അവിടെ ആരംഭിക്കും. വിശ്വാസത്തോടും വേണ്ടത്ര ഒരുക്കത്തോടും യോഗ്യതയോടും കൂടി നിന്റെ ആയുസ്സിൽ നീ ഭക്ഷിച്ച രക്ഷയുടെ കൗദാശിക അത്താഴങ്ങളാണ് അവിടെ നിന്റെ ആത്മീയപോഷണമായി പരിണമിക്കുന്നത്! ആകയാൽ, വിശ്വാസിയായ നിന്റെ ചരമദിനം തീർച്ചയായും മറ്റൊരു ജന്മദിനം തന്നെ!

കർത്താവ് കൂടെയില്ലാത്ത അവസ്ഥയെ മരണമെന്ന് വിശേഷിപ്പിക്കാമെന്ന് തോന്നുന്നു. അതുകൊണ്ടായിരിക്കാം 'നീ ഇവിടെയുണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു' (യോഹ. 11:21) എന്ന് മർത്താ യേശുവിനോട് പരിഭവം പറഞ്ഞത്. അങ്ങനെയെങ്കിൽ, ജനിമൃതികൾക്കിടയിലെ നിന്റെ ഹ്രസ്വായുസ്സിൽ എത്രയോ തവണ നീ മരണപ്പെട്ടിട്ടുണ്ട്! ദൈവസാന്നിധ്യത്തിൽ നിന്നും അകന്ന് നിന്റേതായ വഴികളിലൂടെ സഞ്ചരിച്ചപ്പോഴും ദൈവസ്വരം മറന്ന് സ്വന്തം ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് ജീവിച്ചപ്പോഴുമൊക്കെ നീ മൃതിയുടെ മടിയിൽ തന്നെയായിരുന്നു! കർത്താവിൽ മരിക്കുന്നവർക്ക് മരണം ഒരുകാരണവശാലും കെണിയല്ല, കണിയാണ്! അതുകൊണ്ട്, മരണത്തിന്റെ മണമെത്തും മുമ്പ് നിന്റെ ജീവിതമൺകുടത്തിൽ വിശ്വാസത്തിന്റെ തെളിനീര് വക്കോളം നിറച്ചുവയ്ക്കുക. നിന്റെ മരണത്തെ മയക്കത്തെപ്പോലെ നിർഭയം കാംക്ഷിക്കാൻ അത് നിന്നെ സഹായിക്കും. മൃതിയുടെ സ്മൃതി നിനക്ക് മധുമസൃണമാകും. ക്രിസ്ത്യാനിയായ നിനക്ക് ഇനിമേൽ മരണം ശരണമായിരിക്കണം; ശവപ്പെട്ടി ശയനത്തൊട്ടിയും!




ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ

# മരിയൻ ധ്യാനം

(3 ദിവസത്തെ വളർച്ചാ ധ്യാനം)

**ഡിസംബർ 6**
**വ്യാഴാഴ്ച വൈകുന്നേരം 6 മണിമുതൽ**
**9 ഞായറാഴ്ച ഉച്ചക്ക് 2 മണി വരെ**